# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വാരപ്പെട്ടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ-ഇകെഎം(പി7)1919/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 13/06/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാരപ്പെട്ടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ-ഇകെഎം(പി7)1919/21 തീയ്യതി: 13/06/2022

## എറണാകുളം ജില്ലയിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 07-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഷാജിമോൻ കെ.എ | ഡെപ്യൂട്ടി ഡയറക്ടർ | 08-12-2021 | 21-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-12-2021 | 21-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി റസിയബീവി ജെ, ഓഡിറ്റ് ഓഫീസർ
ശ്രീ ഷൈജു മാത്യു, ഓഡിറ്റ് ഓഫീസർ
ശ്രീ റഷീദ് സി എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്വപ്ന വി, ഓഡിറ്റർ
ശ്രീ മുഹമ്മദ് ഷാഫി വി എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.നിർമല മോഹനൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 20-12-2020 |
| ശ്രീ പി കെ ചന്ദ്രശേഖരൻ നായർ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ.അനിൽകുമാർ കെ | സെക്രട്ടറി | 01-04-2020 | 07-06-2020 |
| ശ്രീമതി സജയ പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-06-2020 | 22-06-2020 |
| ശ്രീ.അനിൽകുമാർ കെ | സെക്രട്ടറി | 23-06-2020 | 01-03-2021 |
| ശ്രീ നിസാർ എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ദിനേഷ് റ്റി എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-05-2020 |
| ശ്രീമതി സുമയ്യ സി യു | അസിസ്റ്റന്റ് എഞ്ചിനീയർ | 01-06-2020 | 06-07-2020 |
| ശ്രീമതി ഖദീജബീവി കെ എം | അസിസ്റ്റന്റ് എഞ്ചിനീയർ | 07-07-2020 | 31-03-2021 |
| ശ്രീ.എം എൻ രാജേന്ദ്രൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.മാത്യു എം ജോസഫ് | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി.) | 01-04-2020 | 31-03-2021 |
| ഡോ.സജി ജോൺ | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.എ സോളമൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ശ്രീ.പി അലിയാർ | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി.സീന പി സി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ ബേസിൽ റ്റി എൽദോസ് | വി ഇ ഒ വാരപ്പെട്ടി | 01-04-2020 | 31-03-2021 |
| ശ്രീ ബേസിൽ റ്റി എൽദോസ് | വി ഇ ഒ കോഴിപ്പിള്ളി | 01-04-2020 | 15-05-2020 |
| ശ്രീ ജുനൈദ് | വി ഇ ഒ കോഴിപ്പിള്ളി | 16-05-2020 | 31-03-2021 |
| ശ്രീമതി എലിസബത്ത് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| സി ജോർജ് | | | |
| ഡോ.മെർലിൻ മാത്യൂ | വെറ്ററിനറി സർജൻ | 01-04-2020 | 31-08-2020 |
| ഒഴിവ് | വെറ്ററിനറി സർജൻ | 01-09-2020 | 30-09-2020 |
| ഡോ. റോബിൻ പോൾ | വെറ്ററിനറി സർജൻ | 01-10-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shaiju Mathew (Audit Officer, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Muhammed Shafi V M (Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 1-2 |
| 3 | വാർഷീക ധനകാര്യപത്രികയിലെ അപാകങ്ങൾ.<br>Written By: Shaiju Mathew (Audit Officer, On 31-03-2022)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Muhammed Shafi V M (Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Shaiju Mathew (Audit Officer, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Muhammed Shafi V M (Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി<br>Written By: Muhammed Shafi V M (Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Muhammed Shafi V M (Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Muhammed Shafi V M (Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം.<br>Written By: Muhammed Shafi V M (Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ സംബന്ധിച്ച്<br>Written By: Muhammed Shafi V M (Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 1-10 |
| 12 | ഗ്രാമസഭ<br>Written By: Ressiya Beevi J (Audit Officer, On 22-12-2021)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 1-11 |
| 13 | ദുരിതാശ്വാസ നിധി<br>Written By: Ressiya Beevi J (Audit Officer, On 22-12-2021)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 1-12 |
| 14 | സാമൂഹ്യസുരക്ഷാ പെൻഷൻ -അപാകതകൾ<br>Written By: Swapna.V (Auditor, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 07-06-2022) | 1-13 |
| 15 | കിണർ നിർമ്മാണം - പെർമിറ്റ് വിവരം ലഭ്യമാക്കണം<br>Written By: C.M.Rasheed (Asst. Audit Officer, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 1-14 |
| 16 | ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗം - നിർദ്ദേശം പാലിക്കപ്പെട്ടില്ല<br>Written By: C.M.Rasheed (Asst. Audit Officer, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 1-15 |
| 17 | ബാലാവകാശ സംരക്ഷണ കമ്മറ്റി രൂപീകരിച്ചിട്ടില്ല.<br>Written By: C.M.Rasheed (Asst. Audit Officer, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 1-16 |

| | | |
|---|---|---|
| 18 | ദുരന്ത നിവാരണ കമ്മിറ്റി<br>Written By: Ressiya Beevi J (Audit Officer, On 22-12-2021)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 1-17 |
| 19 | തൊഴിൽ നികുതി -കൃത്യമായ രീതിയിൽ ഡിമാന്റ് ചെയ്യപ്പെടുന്നില്ല<br>Written By: Muhammed Shafi V M (Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 07-06-2022) | 1-18 |
| 20 | ഹരിതകർമ്മസേനയുടെ വരവ് വിവരങ്ങൾ -രേഖകൾ സൂക്ഷിക്കുന്നില്ല.<br>Written By: Shaiju Mathew (Audit Officer, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 1-19 |
| 21 | ഒറ്റ തവണ കെട്ടിട നികുതി അടവാക്കിയതിന്റെ രസീത് ഹാജരാക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചു<br>Written By: Muhammed Shafi V M (Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 1-20 |
| 22 | ഗുണഭോക്തൃ ലിസ്റ്റ് പരിശോധനക്കായി ലഭ്യമായിട്ടില്ല.<br>Written By: Swapna.V (Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 1-21 |
| 23 | എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗവിവരം ലഭ്യമാക്കണം<br>Written By: Swapna.V (Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 07-06-2022) | 1-22 |
| 24 | കോവിഡ് പ്രതിരോധ പ്രവർത്തന അവലോകനം<br>Written By: C.M.Rasheed (Asst. Audit Officer, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 1-23 |
| 25 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ<br>Written By: Muhammed Shafi V M (Auditor, On 03-06-2022)<br>Last Updated By: Joby George (Computer Assistant, On 07-06-2022) | 1-24 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം<br>Written By: Muhammed Shafi V M (Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Muhammed Shafi V M (Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Muhammed Shafi V M (Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Muhammed Shafi V M (Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Muhammed Shafi V M (Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Muhammed Shafi V M (Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Muhammed Shafi V M (Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Muhammed Shafi V M (Auditor, On 21-12-2021) | 4-8 |

| | | |
|---|---|---|
| | Last Updated By: Joby George (Computer Assistant, On 06-06-2022) | |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം<br>Written By: Muhammed Shafi V M (Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Muhammed Shafi V M (Auditor, On 22-12-2021)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 4-10 |
| 11 | തീർപ്പാക്കുന്നതിന് അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Shaiju Mathew (Audit Officer, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 07-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 23.2.2020 ലെ 1-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 10.2.2021 ലെ 3(1) തീരുമാന പ്രകാരവും ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2020-21 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | 2020-21 പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|
| പ്രാരംഭ ബാക്കി | 6585099 |
| വരവ് | 134485272 |
| ആകെ | 141070371 |
| ചെലവ് | 137476561 |
| നീക്കിയിരുപ്പ് | 3593810 |

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയിട്ടില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല. കൂടാതെ സർക്കാർ ഉത്തരവ് നം.(ആർ.ടി.)3291/2016/തസ്വഭവ തി.2.12.2016 അംഗീകരിച്ച തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കുള്ള ബജറ്റ് മാന്വലിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള പെർഫോമൻസ് ബജറ്റ്,ജെൻഡർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 28.06.2021 |

### 1-2-1 വാർഷീക ധനകാര്യപത്രികയിലെ അപാകങ്ങൾ.

1)സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

2)വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62

3)കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾക്കും, GO(P) 152/2011/LSGD തീയതി. 26/07/2011 നമ്പർ സർക്കാർ ഉത്തരവ് മുഖേന നിലവിൽ വന്ന അക്കൗണ്ടിംഗ് പോളിസിയിലെ മാനദണ്ഡങ്ങൾക്കും വിരുദ്ധമായി വികസന ഫണ്ട് ഉൾപ്പെടെയുള്ള സ്പെഷ്യൽ പർപ്പസ് ഫണ്ടുകൾ മൂലധന ആസ്തി നിർമ്മാണത്തിനായി ഉപയോഗിക്കപ്പെടുകയാണെങ്കിൽ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റേണ്ടതാണ്. ഇവിടെ ആസ്തി സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10742140 |
| വരവ് | 66052595 |
| ആകെ | 76794735 |
| ചെലവ് | 66527423 |
| നീക്കിയിരിപ്പ് | 10267312 |

### 1-4 ഫണ്ട് വിനിയോഗം

2020-21

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിബാക്കി/ ലാപ്സായ തുക | ജി.ഒ പ്രൊജക്ട് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9528138 | 9528138 | 9376515 | 151623 | 1344862 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 2312353 | 2312353 | 2310653 | 1700 | 219647 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9895106 | 9895106 | 6490836 | 3404270 | 0 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 10759000 | 10759000 | 10759000 | 0 | 0 |
| മെയിന്റനൻസ് ഫണ്ട് (നോൺ-റോഡ്) | 0 | 3456681 | 3456681 | 3456681 | 0 | 0 |
| ടി.എസ്.പി | 0 | 7400 | 7400 | 7400 | 0 | 0 |
| ഐ.സി.ഡി.എസ് | 21304 | 782784 | 804088 | 673801 | 0 | 130287 |
| കേരളോൽസവം | 8700 | 0 | 8700 | 0 | 0 | 8700 |
| ലൈഫ് ഹൗസിംഗ് -സ്റ്റേറ്റ് ഷയർ | 1285932 | 3660000 | 4945932 | 4025000 | 0 | 920932 |
| മറ്റ് ഗവൺമെന്റ് ഏജൻസികൾ | 311777 | 62888 | 374665 | 17128 | 0 | 357537 |
| ഗുണഭോക്തൃവിഹിതം | 135392 | 158600 | 293992 | 139700 | 0 | 154292 |
| ഖരമാലിന്യ സംസ്കരണം | 13424 | 0 | 13424 | 0 | 0 | 13424 |
| സാക്ഷരത | 13571 | 373 | 13944 | 0 | 0 | 13944 |
| സ്റ്റേഡിയം ഫോർ പ്ലേ ഗ്രൗണ്ട്സ് | 650 | 0 | 650 | 0 | 0 | 650 |
| ടോട്ടൽ സാനിട്ടേഷൻ | 143600 | 1855653 | 1999253 | 1007870 | 0 | 991383 |
| ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻ | 20290 | 0 | 20290 | 0 | 0 | 20290 |
| നിർമ്മൽ പുരസ്കാരം | 36988 | 0 | 36988 | 0 | 0 | 36988 |
| ബ്ലോക്ക് ഷയർ | 0 | 400000 | 400000 | 0 | 0 | 400000 |
| കോവി-ശമ്പഡ്-ജീവനക്കാരുടെ ശമ്പളം ഈടാക്കിയത് | 0 | 520348 | 520348 | 0 | 0 | 520348 |
| കോവിഡ് സംഭാവന | 0 | 64500 | 64500 | 25000 | 0 | 39500 |
| ആർ.ജി.പി.എസ്.എ | 0 | 409657 | 409657 | 367246 | 0 | 42411 |

<u>ഉറവിടത്തിൽനിന്നും കുറവ് ചെയ്ത വരവിനങ്ങൾ.</u>

| ഫണ്ടിനം | കുറവ് ചെയ്ത തുക | പ്രൊജക്ട് വിവരങ്ങൾ |
|---|---|---|
| വികസനഫണ്ട്(ജനറൽ) | 1344862രൂപ | 223/21(ലൈഫ് ഭവനപദ്ധതി വായ്പ തിരിച്ചടവ്)676471രൂപ 233/21 (ലൈഫ് ഭവനപദ്ധതി വായ്പ തിരിച്ചടവ്)84391രൂപ 222/21(അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം)420000രൂപ 232/21 (അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം)164000 രൂപ. |
| വികസനഫണ്ട്(എസ്.സി.പി) | 219647രൂപ | 224/21(ലൈഫ് ഭവനപദ്ധതി വായ്പ തിരിച്ചടവ്-എസ്.സി)135500രൂപ 234/21(ലൈഫ് ഭവനപദ്ധതി വായ്പ തിരിച്ചടവ്-എസ്.സി)84147രൂപ |

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയ ചെലവുതുകകൾ.

| ഫണ്ടിനം | തുക |
|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 4545139രൂപ |
| മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 1997799രൂപ |
| മെയിന്റൻസ് ഗ്രാന്റ് (നോൺ റോഡ്) | 755124രൂപ |

| | |
|---|---|
| സംയുക്ത പ്രൊജക്ട് -ബ്ലോക്ക് ഷെയർ | 500000രൂപ. |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 197 | 94508231 | 158 | 51837724 | 0 | 39 | 80 |

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 8152 | 1151469 | 1159621 | 1155348 | 4273 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 13217872 | 13217872 | 13217872 | 0 |
| ആകെ | 8152 | 14369341 | 14377493 | 14373220 | 4273 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4327700 | 262 |
| വിധവാപെൻഷൻ | 9029800 | 597 |
| വാർദ്ധക്യ കാലപെൻഷൻ | 17444700 | 1200 |
| വികലാംഗപെൻഷൻ | 3134100 | 198 |
| വിവാഹ ധനസഹായം | 60000 | 2 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 355900 | 25 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9.12.2021ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14061/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1.ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്നില്ല.

2.ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3.കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല. 2015-16 മുതലുള്ള ഡെപ്പോസിറ്റ് തുകകളുടെ വിവരം ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തിരികെ നൽകിയ തുകകളുടേയും റീക്ലപ്പ് ചെയ്തതിന്റേയും വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

4.ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വർഷംതോറും തുകകൾ വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെങ്കിലും പദ്ധതികളുടെ യഥാസമയത്തുള്ള പൂർത്തീകരണം ഉറപ്പാക്കപ്പെടുന്നില്ല.

5.വൗച്ചറുകൾ മാസം അടിസ്ഥാനത്തിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അവ നഷ്ടപ്പെടാൻ സാധ്യതയുള്ള രൂപത്തിൽ അലക്ഷ്യമായാണ് സൂക്ഷിച്ചിട്ടുള്ളത്.

6. മോണിട്ടറിങ്ങ്

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്റ്റുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്റ്റുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്റ്റുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. പ്രോജക്റ്റുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ സംബന്ധിച്ച്

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.10.2021-28.10.2021 | 8/2021,9/2021 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 8.2.2016 - 22.2.2016 | 2010-11 മുതൽ 2014-15 വരെ | 17.03.2016 |

## 1-11 ഗ്രാമസഭ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം വിളിച്ചു ചേർക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 13 ഗ്രാമസഭകൾ നിയപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേരുന്നില്ല. 2020-21 സാമ്പത്തിക വർഷത്തിൽ ആകെ 1 തവണ മാത്രമാണ് 13 ഗ്രാമസഭകളും യോഗം ചേർന്നിട്ടുള്ളത്. കോവിഡ് രൂക്ഷമായ സാഹചര്യത്തിൽ ആൾക്കൂട്ടം ചേരുന്നതിനുള്ള വിലക്ക് ഉള്ളതിനാലാണ് ഗ്രാമസഭകൾ കൃത്യമായ ഇടവേളകളിൽ ചേരാതിരുന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്. നിലവിൽ ഗ്രാമസഭകൾ പലതും നിയമപരമായ ഒരു ബാദ്ധ്യത നിറവേറ്റുക എന്നതിനുമപ്പുറം പദ്ധതി ആസൂത്രണത്തിലോ, പദ്ധതി പ്രവർത്തനങ്ങളിലോ കാര്യമായി ഇടപെടുന്നില്ല. ഗ്രാമസഭായോഗങ്ങളിൽ എല്ലാവരെയും പങ്കെടുപ്പിച്ചും ഭരണപരവും വികസനപരവുമായ കാര്യങ്ങൾ ഗ്രാമസഭകളിൽ ഫലവത്തായി ചർച്ച ചെയ്തും ഗ്രാമസഭാ തീരുമാനങ്ങളെ മറികടന്ന് കാര്യങ്ങൾ പ്രാവർത്തികമാക്കുന്നത് ഒഴിവാക്കിയും ഗ്രാമസഭകളെ കൂടുതൽ ശക്തിപ്പെടുത്താവുന്നതാണ്.

## 1-12 ദുരിതാശ്വാസ നിധി

2003ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ, എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. ആയത് പ്രകാരം ഗ്രാമ പഞ്ചായത്തിൽ അത്തരത്തിലൊരു ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്.

പ്രസ്തുത അക്കൗണ്ടിലെ വരവ് ചെലവ് കണക്കുകൾ താഴെച്ചേർക്കുന്നു.

| മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 8599 | 157419 | 166018 | 144000 | 22018 |

പകർച്ച വ്യാധികളും ദുരന്തങ്ങളും അനുദിനം വർദ്ധിച്ച് കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അശരണാരായ ജനങ്ങൾ പഞ്ചായത്ത് വഴി നല്കുന്ന ചെറിയ സഹായം പോലും വലിയ മുതൽക്കൂട്ടാവുന്നതാണ്. ദുരിതാശ്വാസനിധി വഴി പഞ്ചായത്തിലെ ദുരിതമനുഭവിക്കുന്ന ഒട്ടനവധി കുടുംബങ്ങൾക്ക് സഹായം ലഭിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ നിരവധി കുടുംബങ്ങൾക്ക് ചികിത്സ സഹായമായി 144000 രൂപ ഈ അക്കൗണ്ടിൽ നിന്ന് നല്കിയിട്ടുണ്ട്. കൂടുതലും മാരകരോഗങ്ങളായ ക്യാൻസർ, ഹൃദയ സംബന്ധമായ രോഗങ്ങളുള്ളവർ എന്നിവർക്കാണ് ദുരിതാശ്വാസ നിധിയിൽ നിന്ന് തുക നല്കിയിട്ടുള്ളത്. പഞ്ചായത്തിന്റെ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. തുടർന്നും ഇത്തരത്തിലുള്ള ജീവകാരുണ്യപ്രവർത്തനങ്ങളിൽ സജീവമായി പ്രവർത്തിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 സാമൂഹ്യസുരക്ഷാ പെൻഷൻ -അപാകതകൾ

ധനകാര്യ (എസ്.എഫ്.സി. സെൽ -ബി) വകുപ്പിന്റെ സ.ഉ. (എം.എസ്) നം. 278/2018 ധന. തീയതി 3.8.2018 പ്രകാരം മരണപ്പെട്ട ഗുണഭോക്താക്കളെ സാമൂഹ്യസുരക്ഷാ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും അടിയന്തിരമായി ഒഴിവാക്കാനും ഇത്തരത്തിൽ സർക്കാരിൽ നിന്നും അനർഹമായി കൈപ്പറ്റിയിട്ടുള്ള തുക അനന്തരാവകാശികളിൽ നിന്നും തിരിച്ച് പിടിച്ച് മുതൽ കൂട്ടുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2019-20,20-21 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ സാമൂഹ്യസുരക്ഷാ പെൻഷൻ ഫയലുകൾ പരിശോധിച്ചതിൽ നിന്നും പെൻഷനറുടെ മരണശേഷവും തുക അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നതായി കാണുന്നുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

.

| ക്രമ നം. | പെൻഷനറുടെ പേര് /വീട്ടുപേര് | മരണം നടന്ന തീയതി /മരണ സർട്ടിഫിക്കറ്റ് നം. | പെൻഷൻ തരം | അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്ത ആകെ തുക | കാലയളവ് പെൻഷൻ തുക(ഓരോ മാസത്തിലും) |
|---|---|---|---|---|---|
| 1 | വി.കെ ശശി വേലംപറമ്പിൽ | 9.2.2020/ 11/2020 Dt 25.2.20 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 27400/- | 3/20-1200/- 4/20-8/20-1300/- 9,10,11,12/20-1400/- 1,2,3/21-1500 4,5,6,7,8,9/21-1600 |
| 2 | കാർത്ത്യായനി കുട്ടൻ വെള്ളേക്കാട്ട് | 11.4.20/ 32/2020 Dt 9.5.20 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 12300/- | 5,6,7,8/20-1300/- 9,10,11,12/20-1400/- 1/21-1500/- |
| 3 | ശശിധരൻ .പി.വി പുതുമനപ്പറമ്പിൽ | 29.4.20/ 39/2020 Dt 18.5.20 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 24900/- | 5,6,7,8 /20-1300/- 9,10,11,12/20-1400/- 1,2,3/21-1500/- 4,5,6,7,8,9/21-1600/- |
| 4 | കുഞ്ഞപ്പൻ കൊല്ലം മോളേൽ | 2.8.15 / 40/2020 Dt 18.5.20 | കർഷകത്തൊഴിലാളി പെൻഷൻ | 2400/- | 9,10,11,12/15-600 |
| 5 | അമ്മിണി പൈയ്യക്കടിയിൽ | 12.3.20/ 44/2020 Dt 20.6.20 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 26200/- | 4,5,6,7,8/20-1300/- 9,10,11,12/20-1400/- 1,2,3/21-1500/- 4,5,6,7,8,9/21-1600/- |
| 6 | വൽസ നാരായണൻ കിഴക്കേത്തൊലിൽ | 13.8.20/ 70/2020 Dt 24.9.20 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല | 19700/- | 9,10,11,12/20-1400/- 1,2,3/21-1500/- 4,5,6,7,8,9/21-1600/- |

| | | | | | |
|---|---|---|---|---|---|
| | | | പെൻഷൻ | | |
| 7 | അന്നമ്മ വർഗീസ് മണിയാട്ടുകുടിയിൽ | 19.9.20/ 76/2020 | കർഷകത്തൊഴി ലാളി പെൻഷൻ | 18300/- | 10,11,12/20-1400/- 1,2,3,/20-1500/- 4,5,6,7,8,9 /21-1600/- |
| ആകെ | | | | 131200/- | |

മേൽ പറഞ്ഞിരിക്കുന്ന പെൻഷൻ തുകകൾ സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനക്കായി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/20.12.21)മറുപടി ലഭ്യമായിട്ടില്ല. പെൻഷൻ തുകയിനത്തിൽ അധികം കൈപ്പറ്റിയ 131200/- രൂപ സർക്കാരിലേക്ക് തിരിച്ചടച്ച് ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ അനർഹമായി പെൻഷൻ തുകകൾ ഗുണഭോക്താക്കൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് കണ്ടുപിടിച്ച് അവരെ സാമൂഹ്യസുരക്ഷാപെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതും അനർഹമായി കൈപ്പറ്റിയ മുഴുവൻ തുകയും സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതുമാണ്.

## 1-14 കിണർ നിർമ്മാണം - പെർമിറ്റ് വിവരം ലഭ്യമാക്കണം

ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ 2020-21 ൽ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ 18 കിണറുകൾ നിർമ്മിച്ചിട്ടുണ്ട്. 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 75 (1) പ്രകാരം സെക്രട്ടറിയുടെ അനുവാദമില്ലാതെ പുതിയ കിണർ കുഴിക്കാൻ പാടുള്ളതല്ല. കിണർ കുഴിക്കുന്നതിന് ചട്ടം75 (4) പ്രകാരം അപേക്ഷാ ഫീസും പെർമിറ്റ് ഫീസും അടവാക്കേണ്ടതാണ്. എന്നാൽ മേൽ പറഞ്ഞ 18 കിണർ നിർമ്മാണങ്ങളിൽ ഇപ്രകാരം പെർമിറ്റ് എടുത്തതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ചട്ടപ്രകാരം പെർമിറ്റ് എടുത്തതിന്റെ രേഖകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 13.12.2021 ൽ ഓഡിറ്റ് എൻക്വയറി നൽകി ( നം 2). എൻക്വയറിക്ക് 15.12.2021 ൽ നൽകിയ HC 1021/2021 നം മറുപടിയിൽ പെർമിറ്റ് എടുത്തിട്ടില്ല എന്നറിയിച്ചു. വരും വർഷങ്ങളിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗം - നിർദ്ദേശം പാലിക്കപ്പെട്ടില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക് കൂടി ഉപയോഗിച്ച് ടാറിംഗ് ചെയ്യുന്നതിന് ചീഫ് എഞ്ചിനീയർ 22.02.2018, 19.3.2019, 26.04.2019, 02.12.2019 എന്നീ തീയതികളിലെ ഡിബി3-4620/2019/സി ഇ/തസ്വഭവ പരിപത്രങ്ങൾ മുഖേന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. നിർദ്ദശ പ്രകാരം 2019-20 ൽ 20% റോഡ് ടാറിംഗ് പ്രവൃത്തികളിലും 2020-21 ൽ 30 % റോഡ് ടാറിംഗ് പ്രവൃത്തികളിലും നിർബന്ധമായും ഷ്രെഡഡ് പ്ലാസ്റ്റിക് കൂടി ഉൾപ്പെടുത്തി നിർമ്മാണം നടത്തേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. 2019-20 ൽ രണ്ട് പ്രവൃത്തികളിൽ പ്ലാസ്റ്റിക് ഉപയോഗപ്പെടുത്തിയിട്ടുണ്ട് എന്നാൽ 2020-21 ൽ പ്രവൃത്തികളിൽ പ്ലാസ്റ്റിക് ഉപയോഗപ്പെടുത്തിയിട്ടില്ല. റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക് കൂടി ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 ബാലാവകാശ സംരക്ഷണ കമ്മറ്റി രൂപീകരിച്ചിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ബാലാകാശ സംരക്ഷണ കമ്മറ്റി രൂപീകരിക്കണമെന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 6.1.2020 ലെ 424/ഇ പി എ 4/2019 നം കത്തിന്റെ അടിസ്ഥാനത്തിൽ ബാലാവകാശ സംരക്ഷണ കമ്മറ്റി രൂപീകരിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി 4.3.2020 ൽ 8(1) പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് കമ്മറ്റിയുടെ പ്രസ്തുത തീരുമാനം നടപ്പാക്കപ്പെട്ടിട്ടില്ല.

## 1-17 ദുരന്ത നിവാരണ കമ്മിറ്റി

കേരള സർക്കാരിന്റെ 20.2.2018ലെ ഉത്തരവ് നം.ഡി.എ.1/523/2017 തസ്വഭവ.(ഡി.എ) വകുപ്പ്, തിരുവനന്തപുരം നിർദ്ദേശാനുസരണം വാരപ്പെട്ടി ഗ്രാമപഞ്ചായത്തിൽ ദുരന്ത നിവാരണ കമ്മിറ്റി (Disaster Management Committee) രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്തുമായി ബന്ധപ്പെട്ട് സമഗ്ര വിവരങ്ങളടങ്ങുന്ന ദുരന്ത നിവാരണ പദ്ധതി

ആസൂത്രണ രേഖ എന്ന പേരിൽ ഒരു ബുക്ക്‌ലെറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് സജീവമായ വിലയിരുത്തലുകളും, ഇടപെടലുകളും നടത്തുന്നത് അഭികാമ്യമായിരിക്കും. ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ കമ്മിറ്റി അംഗങ്ങൾ സജീവമായി പ്രവർത്തിക്കുന്നുണ്ട്.

## 1-18 തൊഴിൽ നികുതി -കൃത്യമായ രീതിയിൽ ഡിമാന്റ് ചെയ്യപ്പെടുന്നില്ല

ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാകും. കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 204 പ്രകാരം ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2020-21സാമ്പത്തിക വർഷത്തെ (2 അർദ്ധവർഷത്തേയും) തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസ് നം. | അപേക്ഷകന്റെ പേര് | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | 3/20-21 | സിന്ധു സുരേഷ് | ത്രിവേണി ഫുഡ് പ്രൊഡക്ട്സ് | 4 |
| 2 | 51/20-21 | ഷെഫിൻ വി അന്ത്രു | ക്വാളിറ്റി സിമന്റ് ബ്രിക്സ് | 6 |
| 3 | 57/20-21 | ഇക്ബാൽ കെ എം | അടിവാട് പ്ലാസ്റ്റിക്സ് | 5 |
| 4 | 60/20-21 | അമൽദേവ് ടോണി | ഐസിംഗ്സ് ബേക്കറി ബോർമ | 4 |
| 5 | 73/20-21 | സിറിൽ ജോൺ | ജെ ജെ ഫുഡ്സ് | 20 |
| 6 | 94/20-21 | സുജാത എം ആർ | ആദിത്യ ഏജൻസീസ് | 6 |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വറിക്ക് (നം.9/ 17.12.2021) മറുപടി ലഭിച്ചിട്ടില്ല. ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

.

## 1-19 ഹരിതകർമ്മസേനയുടെ വരവ് വിവരങ്ങൾ -രേഖകൾ സൂക്ഷിക്കുന്നില്ല.

സംസ്ഥാന ദാരിദ്ര്യ നിർമാർജ്ജന മിഷൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവ് നം.10394/ഡി.2017/KSHO തീ.23.4.2018 പ്രകാരം ഹരിതകർമ്മസേനാംഗങ്ങൾ യൂസർഫീ പിരിക്കുമ്പോൾ രസീതുകൾ നൽകേണ്ടതും ഇങ്ങനെ പിരിച്ചെടുക്കുന്ന തുകകൾ അതാത് കൺസോർഷ്യത്തിന്റെ അക്കൗണ്ടുകളിൽ നിക്ഷേപിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഈ പ്രക്രിയ നടന്നുവരുന്നുണ്ടെങ്കിലും തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

1)വിതരണം ചെയ്യുന്ന രസീതുബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ.

2)കളക്ഷൻ രജിസ്റ്റർ.

പിരിഞ്ഞ് കിട്ടുന്ന യൂസർ ഫീ സേനാംഗങ്ങൾ നേരിട്ട് ബാങ്ക് അക്കൗണ്ടുകളിൽ അടവാക്കുകയും ആയതിന് ശേഷം അടവാക്കിയ തുക രസീതുകളുടെ ആകെ തുകയുമായി ഒത്തുനോക്കുകയുമാണ് ചെയ്യുന്നത്. എന്നാൽ മുകളിൽ പറഞ്ഞിരിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിനാൽ വിതരണം ചെയ്ത എല്ലാ രസീതുബുക്കുകളും തിരികെ എത്തിയെന്നും പിരിവ് തുക പൂർണ്ണമായും അക്കൗണ്ടിൽ അടവ് വന്നുവെന്നും ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല. ആയതിനാൽ മുകളിൽ പറഞ്ഞിരിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

## 1-20 ഒറ്റ തവണ കെട്ടിട നികുതി അടവാക്കിയതിന്റെ രസീത് ഹാജരാക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചു

പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ അങ്ങനെ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കുമ്പോഴും 1975-ലെ കേരള

കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5 (1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ് എന്ന് തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 09.07.2015 ലെ സ.ഉ. (എം.എസ്) നം. 231/15 /തസ്വഭവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് മുകളിൽ പറഞ്ഞിരിക്കുന്ന ഉത്തരവ് പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ സ്വീകരിക്കാതെയാണ് വസ്തുനികുതി നിർണ്ണയം നടത്തി പുതിയതായി നമ്പർ അനുവദിച്ചിരിക്കുന്നത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര്, മേൽവിലാസം | കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|
| 1 | 3/160/B | സനിൽ പോൾ, പടിഞ്ഞാറേകാക്കുടിയിൽ | പാർപ്പിടം |
| 2 | 3/304/A | സുസ്മി എം എ,അമ്പതിൽചിറ | പാർപ്പിടം |
| 3 | 3/201/B | ടിജോ സെബാസ്റ്റ്യൻ, മാണിക്കല്ലിൽ | പാർപ്പിടം |
| 4 | 7/270/A | ജെയ്സൺ എ വി, അലാട്ടുകുടിയിൽ | പാർപ്പിടം |
| 5 | 13/181/D | സുധീർ അരവിന്ദൻ, മഠത്തിക്കാട്ട് | പാർപ്പിടം |
| 6 | 13/262/B | ലൈജ്ജ മത്തായി, പുലിപ്പാറപുത്തനുരയിൽ | പാർപ്പിടം |
| 7 | 13/221/C | ഷിബി കുര്യൻ, ഐവത്തുകുടിയിൽ | പാർപ്പിടം |
| 8 | 1/115/E | വിപിൻ ജേക്കബ്, വിതയത്തിൽ | പാർപ്പിടം |
| 9 | 1/23/I | ആന്റണി, പുത്തൻപുരക്കൽ | പാർപ്പിടം |
| 10 | 1/149/B | സാബു ജോർജ്, ഇലഞ്ഞിക്കൽ | പാർപ്പിടം |

മേൽ പരാമർശിച്ച അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻ.നം.11/20.12.2021) മറുപടി ലഭിച്ചിട്ടില്ല. കെട്ടിട ഉടമസ്ഥരിൽ നിന്ന് നികുതി റിട്ടേൺ പകർപ്പ് ലഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും ഇതു സംബന്ധിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-21 ഗുണഭോക്തൃ ലിസ്റ്റ് പരിശോധനക്കായി ലഭ്യമായിട്ടില്ല.

20-21സാമ്പത്തിക വർഷത്തിൽ എച്ച്.എം. ഗവ.എൽ.പി. സ്കൂൾ ഇളങ്ങവം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്റ്റുകളുടെ ഗുണഭോക്തൃ ലിസ്റ്റ് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | 50/20-21 | ബിരുദ, പ്രോഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് | 3 |
| 2 | 158/20-21 | സ്കൂൾ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ(എസ്.സി) | 55 |

മേൽ പ്രോജക്റ്റുകളുടെ ഗുണഭോക്തൃ ലിസ്റ്റ് പരിശോധനക്കായി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.8/16.12.21) മറുപടി ലഭ്യമായിട്ടില്ല. മേൽ പദ്ധതികളുടെ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-22 എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗവിവരം ലഭ്യമാക്കണം

2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ എച്ച്.എം. ഗവ. എൽ.പി സ്കൂൾ ഇളങ്ങവം നടപ്പിലാക്കിയ എസ്.എസ്.എ. ക്ക് വിഹിതം നൽകൽ എന്ന പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എച്ച് .എം ഗവ. എൽ.പി സ്കൂൾ വാരപ്പെട്ടി |
| പ്രോജക്ട് നമ്പർ | 149/2020-21 |
| അടങ്കൽ | 200000/-(വികസന ഫണ്ട്) |
| ചെലവ് | 200000/- |
| ബിൽ നം./തീയതി | 1/20-21/9.10.20 |

പഞ്ചായത്ത് പരിധിയിലെ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുകയുടെ പഞ്ചായത്തു വിഹിതം മേൽ ബിൽ മുഖാന്തിരം എസ്.എസ്.എ. ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്നതു സംബന്ധിച്ച വിനിയോഗ വിവരം ലഭ്യമല്ല. 29.01.2018 ലെ സ.ഉ(കൈ) 11/2018/ത.സ്വ.ഭ.വ നമ്പറായുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 7.6.(3) പ്രകാരം എസ്.എസ്.എ പദ്ധതികളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ്.എ പദ്ധതിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. കോവിഡ് പശ്ചാത്തലത്തിൽ ഈ തുക ഏതെല്ലാം രീതിയിലാണ് പഞ്ചായത്ത് പരിധിയിൽ ഉപയോഗപ്രദമാക്കിയതെന്നും 2020-21 -ലെ വിശദമായ വിനിയോഗ വിവരങ്ങളും പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. മേൽ വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/16.12.21) മറുപടി ലഭ്യമായിട്ടില്ല.

## 1-23 കോവിഡ് പ്രതിരോധ പ്രവർത്തന അവലോകനം

1) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് വേണ്ടി 2019-20,2020-21 സാമ്പത്തിക വർഷങ്ങളിൽ പഞ്ചായത്ത് പ്രോജക്ടുകൾ തയ്യാറാക്കി തുക ചെലവഴിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

A)2019- 20 വർഷം പ്രത്യേക പദ്ധതി വെച്ച് തുക ചെലവഴിച്ചിട്ടില്ല.

B)2020-21 വർഷം പദ്ധതി രൂപീകരിച്ച് 925119 രൂപ ചെലവഴിച്ചിട്ടുണ്ട്.

പ്രൊജക്ടുകളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ടിന്റെ വിവരം | ചെലവ് |
|---|---|---|
| 1 | S0221/21 കോവിഡ് പ്രതിരോധ പ്രവർത്തനവും അനുബന്ധ പ്രവർത്തനങ്ങളും | 435304 |
| 2 | S0219/21 സി എഫ് എൽ റ്റി സിയുടെ ഉള്ളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 489815 |

2) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 115 യൂത്ത് വോളന്റിയർമാർക്ക് പരിശീലനം നൽകി.

3) ഗ്രാമപഞ്ചായത്തിൽ കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിച്ചിരുന്നു. 28.3.20 മുതൽ 17.5.20 വരെയാണ് കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിച്ചത്.

4) പ്രത്യേക പരിഗണന നൽകേണ്ടവരുടെ (ഗുരുതര രോഗികൾ, പ്രായാധിക്യമുള്ളവർ) സുരക്ഷയ്ക്ക് ഹെൽപ്പ് ഡസ്ക് രൂപീകരിച്ചിരുന്നു. ആയതിന്റെ ചെലവ് തനത്/വികസന ഫണ്ടിൽ നിന്നും വകയിരുത്തിയിട്ടില്ല.

5) പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ചിരുന്നു.

6) എഫ്.എൽ.ടി.സി. ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്നില്ല.

7) ഗ്രാമ പഞ്ചായത്തിൽ 4 പൾസ് ഓക്സിമീറ്റർ വാങ്ങിയിരുന്നു. ആയത് സ്റ്റോക്കിലെടുത്ത് മെഡിക്കൽ ഓഫീസർക്ക് കൈമാറി.

8) ഗ്രാമപഞ്ചായത്തിലെ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും,വ്യക്തികളിൽ നിന്നും സംഭാവന ഇനത്തിൽ

ലഭിക്കുന്ന തുകകൾ ആദ്യ ഘട്ടത്തിൽ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് ട്രഷറിയിൽ ഈ ആവശ്യത്തിന് ആരംഭിച്ച അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയാണ് ചെയ്തിരുന്നത്. പിന്നീട് നോഡൽ ഓഫീസറുടേയും പ്രസിഡന്റിന്റേയും പേരിൽ ആരംഭിച്ച് അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്.

9) നിലവിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഓൺലൈൻ മീറ്റിംഗ് നടത്തിയിട്ടില്ല.

10) ഗ്രാമ പഞ്ചായത്ത് പരിധിയിൽ നാളിതു വരെ 4006 പേർക്ക് കോവിഡ് 19 സ്ഥിരീകരിച്ചു. അസുഖം ഭേദമായവർ 3999 ഉം മരണപ്പെട്ടവർ 23 ഉം ആണ്.

പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കമ്മ്യൂണിറ്റി ഹാളിൽ നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളിൽ (പാർട്ടീഷൻ വർക്കുകൾ) മേൽ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ തൃപ്തികരമായ രീതിയിലാണ് നടപ്പാക്കിയിട്ടുള്ളത്.

### 1-24 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ

കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല. 2015-16 മുതലുള്ള ഡെപ്പോസിറ്റ് തുകകളുടെ വിവരം ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തിരികെ നൽകിയ തുകകളുടേയും റീഫണ്ട് ചെയ്തതിന്റേയും വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് / നം. | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 660000 | ലൈഫ് ഭവന പദ്ധതി (ജനറൽ) (11/20-21) | 660000 |
| | | 122586 | ലൈഫ് ഭവന പദ്ധതി (എസ്.സി) (16/20-21) | 122586 |

| | | | | |
|---|---|---|---|---|
| | | 450000 | ക്ഷീരകർഷകർക്ക് ഇൻസന്റീവ് (166/20-21) | 450000 |
| | | 500000 | അങ്കണവാടി നം.95 കെട്ടിടനിർമ്മാണം (43/20-21) | 500000 |
| | | 200000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (79/20-21) | 200000 |
| | ആകെ | 1932586 | | 1932586 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 100000 | ക്ഷീരകർഷകർക്ക് ഇൻസന്റീവ് (166/20-21) | 100000 |
| | | 1400000 | ലൈഫ് പദ്ധതി-ഭൂരഹിതർക്ക് ഭൂമി വാങ്ങൽ (14/20-21) | 1400000 |
| | | 500000 | ലൈഫ് ഭവന പദ്ധതി (എസ് സി) (16/20-21) | 500000 |
| | ആകെ | 2000000 | | 2000000 |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

### 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 50,00,000/-രൂപ വരവുണ്ട്. 2020-21 വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണം | ജി.ഒ. (എം.എസ്) 111/2018 ത.സ്വ.ഭ.വ തീയതി 18.05.2018 | 5000000 | 11110676 | 980509 | 0 | 15130167 |

### 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

### 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

### 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

### 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല.

### 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 66052595 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 66527423 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

4-11 തീർപ്പാക്കുന്നതിന് അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-00 | | | |
| 2000-01 | എൽ.എഫ്.ഇ(പി1)1318/2009 തീ. 16.02.02 | 3 | |
| 2001-02 | എൽ.എഫ്.ഇ(പി1)862/2003 തീ. 14.11.2003 | | |
| 2002-03 | എൽ.എഫ്.ഇ(പി1)284/20005 തീ. 15.11.2005 | 2 | |
| 2003-2004 | എൽ.എഫ്.ഇ(പി7)1442/2008 തീ. 8.4.09 | 4 | |
| 2006-2007 | എൽ.എഫ്.ഇ(പി7)1445/2008 തീ. 8.4.09 | 2 | |
| 2008-2009 | എൽ.എഫ്.ഇ(പി7)851/2012 തീ. 12.7.12 | 1 | |
| 2009-2010 | എൽ.എഫ്.ഇ(പി7)296/2011തീ.12.7.12 | 1 | |
| 2010-2011 | എൽ.എഫ്.ഇ(പി7)852/2012 തീ. 12.7.12 | 3 | |
| 2011-12&12-13 | എൽ.എഫ്.ഇ(പി7)1351/2014 തീ.12.12.2014 | 2 | |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(പി7)42/17 തീ. 21.5.16 | 11 | |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(പി7)1855/17 തീ. 28.11.17 | 9 | |
| 2017-18 | കെ.എസ്.എ.ഇ.കെ.എം(പി7)145/19 തീ. 05.3.19 | 10 | |
| 2018-19 | കെ.എസ്.എ/ഇ.കെ.എം(പി.7)262/2020 | | |
| 2019-20 | കെ.എസ്.എ/ഇ.കെ.എം(പി.7)1918/2021 | 21 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ്

.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്